Reg: No. K. 81

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

ബസ്സും ലോറിയും കൂട്ടിമുട്ടി
രണ്ടുപേർ മൃതിയടഞ്ഞു

(പി ടി ഐ) ഹൈദരാബാദ്, മേ 17
ഒരു ബസ്സും എതിരേവന്ന ഒരു ലോറിയും തമ്മിൽ കൂട്ടിയിടിച്ച് പ്രായപൂർത്തിയായ ഒരാളും ഒരു കുട്ടിയും കൊല്ലപ്പെടുകയും 6 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരിക്കുന്നു.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റേജ്	പോസ്റ്റേജ് വരിക്കാരുടെ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വാരാന്ത്യപ്പതിപ്പ്

വ്യാപ്തകം 12 | ലക്കം 130 | 1965 മേയ് 18 ചൊവ്വ | തൃശ്ശൂർ | വില 7 പൈസ | പേജ് 4

മനുഷ്യരാശിയുടെ ഗുണത്തിനായി പ്രവർത്തിച്ചു

അന്താരാഷ്ട്രീയ ടെലി കമ്മ്യൂണിക്കേഷന്റെ ശതാബ്ദിയാഘോഷത്തിൽ സത്യനാരായണ സിൻഹാ

അന്താരാഷ്ട്രീയ സഹകരണത്തിനു നല്ലതിയിട്ടുള്ള സംഭാവനകളെ രാഷ്ട്രപതി അനുസ്മരിക്കുന്നു

(പി ടി ഐ) ന്യൂഡൽഹി, മേയ് 17

അന്താരാഷ്ട്രീയ ടെലി കമ്മ്യൂണിക്കേഷന്റെ ശതാബ്ദിയാഘോഷം കേന്ദ്രഗവമ്മേണ്ടിന്റെ കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്നിവിടെ നടത്തപ്പെടുകയുണ്ടായി.

ലോകത്തെ ഭിന്നജനതകളെ ഗണ്യമായ ഒരു പരിധിവരെയെന്നിപ്പിക്കുവാൻ വാർത്താവിനിമയവികസനംമൂലം സാധിച്ചിട്ടുണ്ടെന്ന്, ഇതുസംബന്ധിച്ചുചേർന്ന ഒരു പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് കമ്മ്യൂണിക്കേഷൻ വകുപ്പിലെ ഡപ്യൂട്ടിമന്ത്രി മി. ഭഗവതി പ്രസ്താവിച്ചു.

സത്യനാരായണസിൻഹയുടെ പ്രസംഗം

ഐക്യരാഷ്ട്രസംഘടനയുടെ ഒരു പ്രത്യേക ഏജൻസിയായ അന്താരാഷ്ട്രയ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ കഴിഞ്ഞ ഏറെക്കൊല്ലത്തിനിടയ്ക്ക് മനുഷ്യരാശിയുടെ ഗുണത്തിനായ് ടെലി കമ്മ്യൂണിക്കേഷൻ സമ്പ്രദായം അഭിവൃദ്ധിപ്പെടുത്തുകയെന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടെന്ന് വാർത്താവിനിമയ വകുപ്പുമന്ത്രി ശ്രീ സത്യനാരായണസിൻഹ യൂണിയന്റെ ശതാബ്ദിയുടെ തലേദിവസമായ ഇന്നലെ ആഗ്രാ ഇന്ത്യാ റേഡിയോയിൽനിന്നു ചെയ്ത ഒരു പ്രക്ഷേപണിപ്രസംഗത്തിൽ പ്രസ്താവിച്ചു.

അന്താരാഷ്ട്രീയ ടെലി കമ്മ്യൂണിക്കേഷന്റെ ചരിത്രം ടെലഗ്രാഫ്, ടെലിഫോൺ, റേഡിയോ, ടെലിവിഷൻ തുടങ്ങിവയുടെ വളർച്ചയുടെ ചരിത്രമാണെന്നും മന്ത്രി പറഞ്ഞു. യൂണിയൻതന്നെ ഇതിനിടയ്ക്ക് ബഹിരാകാശഗവേഷണം, ഉപഗ്രഹവാർത്താവിനിമയം എന്നിവയിൽ ശ്രീകൺസിയുടെ പ്രവർത്തനങ്ങൾ പരിഗണിക്കുന്നതിനു പ്രത്യേകമായ ഒരു ലോകബഹിരാകാശറേഡിയോ സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി.

ഇന്ത്യയ്ക്കു ഗുണം

കഴിഞ്ഞ 90 കൊല്ലങ്ങളായി യൂണിയനുമായുള്ള ബന്ധം ഇന്ത്യയ്ക്ക് വമ്പിച്ച ഗുണം ചെയ്തിട്ടുണ്ട്. ഒരു പ്രത്യേക വേളയിൽ, ടെലികമ്മ്യൂണിക്കേഷൻരംഗത്തു അന്താരാഷ്ട്രീയ സഹകരണം വളർത്തുന്നതിൽ യൂണിയനു തുടർന്നും വിജയമാശംസിക്കാനും ഇന്ത്യാഗവമ്മെണ്ടിന്റെയും ഇന്ത്യൻ ജനതയുടേയും പേരിലും സ്വന്തനിലയിലും അതിനെ അഭിവാദ്യംചെയ്യാനും എനിക്കു സന്തോഷമുണ്ട്. അമൂല്യവും ശ്രദ്ധേയവുമായ പ്രാധാന്യമുള്ള അന്താരാഷ്ട്രീയസഹകരണവഴിയിൽ നടക്കുന്നതുകൊണ്ട് ഇന്ത്യാഗവമ്മെണ്ടിനും ഇന്ത്യൻ ജനതയും സംബന്ധിച്ചിടത്തോളം ഈ ശതാബ്ദി വേള പ്രത്യേകപ്രാധാന്യമർഹിക്കുന്നു.'

....

രാഷ്ട്രപതിയുടെ സന്ദേശം

മേയ് 17

അന്തർദ്ദേശീയ ടെലി കമ്മ്യൂണിക്കേഷൻ യൂണിയന്റെ ശതാബ്ദി പ്രമാണിച്ച് രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ താഴെക്കാണുന്ന സന്ദേശം പുറപ്പെടുവിച്ചിരിക്കുന്നു:

'അന്തർദ്ദേശീയ ടെലി കമ്മ്യൂണിക്കേഷൻ യൂണിയന്റെ ശതാബ്ദ്യാഘോഷവേളയിൽ, ടെലികമ്മ്യൂണിക്കേഷൻരംഗത്തു ലോകത്തിനുണ്ടായിട്ടുള്ള അഭൂതപൂർവമായ പുരോഗതിയിൽ ഞാൻ സന്തോഷിക്കുന്നു. ഈ പുരോഗതിയുടെ ഫലങ്ങൾ ഇന്നു ലോകത്തിലെ ഏതാണ്ടെല്ലാ രാജ്യങ്ങളിലും ലഭ്യമാണ്

തൊഴിലാളി

പോസ്റ്റ് ബോക്സ് 90
ടെലഫോൺ 125

1965 മേയ് 18_ാംന്ന പൊവ്വ

റഷ്യൻ സഹായം

....

ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കും പ്രതിരോധാവശ്യത്തിനും ഒരു പരിധിവരെ സഹായം നൽകാമെന്ന് റഷ്യ സമ്മതിച്ചിരിക്കുന്നു. നമ്മുടെ പ്രധാനമന്ത്രിയുടെ റഷ്യാസന്ദർശനത്തെത്തുടർന്നു ഏതാനും ഔദ്യോഗിക പ്രഖ്യാപനങ്ങളുണ്ടായിട്ടുണ്ട്. ചേരിചേരാനയം സ്വീകരിച്ചിരിക്കുന്ന ഇന്ത്യയും രണ്ടു ചേരികളിൽനിന്നും സഹായംകിട്ടുന്നതിൽഅത്ഭുതത്തിനവകാശമില്ല. രണ്ടു ചേരികളിൽനിന്നും ഒരേ രീതിയിലുള്ള സഹായങ്ങളാണ് കിട്ടുന്നില്ലെങ്കിലാണ് അത്ഭുതപ്പെടേണ്ടതു്. അമേരിക്കയുടേയും റഷ്യയുടേയും നേതൃത്വത്തിലുള്ള രണ്ടു ശാക്തികച്ചേരിയായിട്ടാണല്ലോ ലോകം വിഭജിച്ചിരിക്കുന്നതു്. ആയുധത്തേയും ചേരിയിൽപ്പെടാത്ത നല്ലകാര്യങ്ങളും ചെയ്യുന്നവരെ അഭിനന്ദിച്ചും, തെറ്റുചെയ്യുന്നവരെ വിമർശിച്ചും കഴിയാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതു്. ഇന്ത്യയുടെ ഈ നിലപാടിൽ രണ്ടു ചേരിയിലും പെട്ട രാഷ്ട്രങ്ങളും സന്തോഷം പ്രകടിപ്പിച്ചിട്ടുണ്ടു്.

ഇന്ത്യയുടെ അയൽരാഷ്ട്രങ്ങളായ ചൈനയും പാക്കിസ്ഥാനും ഇന്ത്യയുടെ ശത്രുക്കളായി മാറി. ഒരു പരിധിവരെ ചൈന, റഷ്യൻചേരിയിലും പാക്കിസ്ഥാൻ അമേരിക്കൻ ചേരിയിലുമാണ്. ചൈന, ഇന്ത്യയെ ആക്രമിച്ചു്, വമ്പിച്ച ഭൂവിഭാഗം കൈയടക്കിപ്പെടുത്തി മുന്നേറിക്കൊണ്ടിരുന്ന അവസരത്തിൽ, ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളോടും നാം സഹായം അഭ്യർത്ഥിച്ചു. അന്നു് റഷ്യയിൽനിന്നുള്ള പ്രതികരണം ഇന്നത്തെ സ്നേഹപ്രകടനങ്ങളുമായി തട്ടിച്ചുനോക്കുന്നതു് നന്നായിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നു. ചൈനയും ഇന്ത്യയും തമ്മിൽ തരതമ്യപ്പെട്ടുനോക്കുമ്പോൾ, ചൈന, റഷ്യയുടെ സഹോദരരാഷ്ട്രമാണെന്നും, ഇന്ത്യ വെറുമൊരു സ്വാതന്ത്ര്യരാഷ്ട്രം മാത്രമേ ആകുന്നുള്ളൂ എന്നും, ആ നിലയിൽ, സഹോദരരാഷ്ട്രത്തിനെതിരായി സൗഹൃദരാഷ്ട്രത്തിനു് ആയുധസഹായം നൽകുന്നതു ശരിയായിരിക്കില്ലെന്നുമായിരുന്നു റഷ്യയുടെ നിലപാടു്. റഷ്യയും ചൈനയും തമ്മിലുള്ള ബന്ധം അനുസരിച്ചു് വമ്പിച്ച ആയുധസഹായങ്ങളാണു് റഷ്യയിൽനിന്നും ചൈനയ്ക്കു് കിട്ടിക്കൊണ്ടിരുന്നതു്. റഷ്യയിൽനിന്നും ലഭിച്ചിരുന്ന യന്ത്രോപകരണങ്ങളും ഇന്ത്യയ്ക്കു തിരിയായി ചൈന ഉപയോഗിച്ചു. റഷ്യയിൽ നിന്നും കിട്ടിയിട്ടുള്ള സജ്ജീകരണങ്ങളുപയോഗിച്ചു്, ചൈന ഇന്ത്യയെ ആക്രമിച്ചു എന്നതിന്റെ പേരിൽ, റഷ്യയ്ക്കു് ഒരു പ്രതിഷേധക്കുറിപ്പുപോലും ഇന്ത്യ അയക്കുകയുണ്ടായിട്ടില്ല.

ചൈനയ്ക്കു്, റഷ്യ, ആയുധസഹായം നൽകിയതുപോലെതന്നെ, അമേരിക്ക, അവരുടെ ഒരു സുഹൃത്രാഷ്ട്രമായ പാക്കിസ്ഥാനു് ആയുധസഹായം നൽകി. പാക്കിസ്ഥാനു് നൽകുന്ന അതേ വ്യവസ്ഥയിൽ ഇന്ത്യയ്ക്കും ആയുധങ്ങളും നൽകാമെന്നു് അമേരിക്ക പ്രസ്താവിച്ചിട്ടുള്ളതാണു്. എന്നാൽ ഇന്ത്യ അതു നിരസിച്ചിരിക്കുകയാണുണ്ടായതു്. പാക്കിസ്ഥാൻ നമ്മെ ആക്രമിച്ചതിനു്, അമേരിക്കയിൽനിന്നും കിട്ടിയിരുന്നവ പാക്കിസ്ഥാനും ഇന്ത്യയ്ക്കെതിരായി പ്രയോഗിച്ചു. പാക്കിസ്ഥാന്റെ ഈ നടപടിയും, അമേരിക്ക, നമ്മുടെ ശത്രുരാഷ്ട്രമായിത്തീർന്നുവെന്നു് ആരോപിക്കപ്പെടുന്നതു ശരിയാണെങ്കിൽ അതേ മാതിരിതന്നെ റഷ്യയും ചൈനയും നമുക്കെതിരായി ഉപയോഗിച്ച ആയുധങ്ങളിൽനിന്നും റഷ്യയും നമ്മുടെ ശത്രുവായി പരിഗണിക്കപ്പെടേണ്ടതല്ലേ? ചൈനയുടേയും അതുപോലെതന്നെ റഷ്യയുടേയും കൈയടക്കിയിട്ടുള്ള പ്രദേശങ്ങൾ തിരിച്ചുപിടിയ്ക്കുന്നതിനുള്ള ശ്രമത്തിൽ നാം ഏർപ്പെടുന്നതിനുമുമ്പു് ചൈനയുടെ കാര്യത്തിൽ നാം റഷ്യയുടെ നിലപാടു് അറിയേണ്ടതുണ്ടു്. ചൈനയുടെ കാര്യത്തിൽ റഷ്യയുടെ നിലപാടു് എന്താണെന്നു് ഇന്നുവരെ നമുക്കു് വ്യക്തമായിട്ടില്ല. ചൈനയുടെ കാര്യത്തിൽ റഷ്യയുടെ നിലപാടു് എന്താണെന്നു് നമുക്കു് വ്യക്തമായിട്ടുണ്ടെങ്കിൽ മാത്രമേ റഷ്യയുടെ സഹായം നമുക്കു് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ.

റഷ്യ ഇപ്പോൾ നൽകാമെന്നു് സമ്മതിച്ചിട്ടുള്ള വർദ്ധിപ്പിച്ച സഹായങ്ങൾ കണക്കിലെടുത്താലും, പാശ്ചാത്യചേരി നൽകിയിട്ടുള്ളതിന്റെ ഒരംശംപോലുമാകുന്നില്ല ഇന്ത്യയുടെ പുരോഗതിക്കു് രണ്ടു ചേരിയിൽനിന്നുമുള്ള സഹായങ്ങൾ കൂടിയേ തീരൂ. റഷ്യ ഇപ്പോൾ തരാമെന്നു സമ്മതിച്ചിട്ടുള്ള സഹായങ്ങളുടെ പേരിൽ പാശ്ചാത്യചേരിയെ അസ്വഖപ്പെടുത്താനാണുദ്ദേശമെങ്കിൽ, ഇന്നത്തേക്കാളേറെ പ്രയാസങ്ങളായിരിക്കും നമുക്കു് അഭിമുഖീകരിക്കേണ്ടി വരുന്നതു്.

....0....

റേഡിയോ

മേയ് 18 ചൊവ്വ
തിരുവനന്തപുരം,
കോഴിക്കോട്ടു്, തൃശ്ശൂർ,
454.5, 441.2, 517.2 മീറ്റർ
കാലത്തു്

6_30 മംഗളവാദ്യം
6_35 പദിപാടിവിവരം
6_40 വാർത്തകം ഇംഗ്ലീഷിൽ
6_45 ഉദയഗീതം
7_15 ഇന്നത്തെ ചിന്താവിഷയം
7_20 ഭക്തിഗീതം
7_30 വാർത്തകം മലയാളത്തിൽ
7_45 ഗാനമാലിക
8_00 വാർത്തകം ഇംഗ്ലീഷിൽ
8_15 വായ്പാട്ടു്
8_45 സമാപനം

ഉച്ചതിരിഞ്ഞു്

12_30 പ്രാദേശികവാർത്തകം
12_35 വായ്പാട്ടു്
1_05 ഗീതാവലി
1_20 വാർത്തകം മലയാളത്തിൽ
1_30 ലളിതഗാനങ്ങൾ
1_40 വാർത്തകം ഹിന്ദിയിൽ
1_50 സുഗമസംഗീതം
2_00 കാലാവസ്ഥാ
രാത്രി
5_30 തൊഴിലാളിമണ്ഡലം
6_00 പ്രാദേശിക അറിയിപ്പുകൾ
6_05 പ്രാദേശികവാർത്തകൾ
6_15 നാട്ടിൻപുറം
7_00 സ്പോട് സ്റ്റൈവ്യു
7_10 ചലച്ചിത്രഗാനങ്ങൾ
7_30 വാർത്തകം മലയാളത്തിൽ
7_45 ഗാനപഞ്ചമി
7_50 വായ്പാട്ടു്
8_30 ഗാനസുധ
8_45 പ്രാദേശികസംഗീതം
8_55 ഇന്നത്തെ ചിന്താവിഷയം
9_00 വാർത്തകം ഇംഗ്ലീഷിൽ
9_15 പ്രഭാഷണം (ഇംഗ്ലീഷിൽ)
9_30 പാറിയവൻ (നാടകാവിഷ്കരണം)
9_45 ലയവിന്യാസം
10_00 ഗാനമഞ്ജരി
10_30 വാർത്തകം ഇംഗ്ലീഷിൽ
10_35 സമാപനം

ജലത്തിൽ ഓട്ടന്നസ്സുകൂട്ടരിൽ ഇംഗ്ലീഷ് ചാനൽ കടക്കാൻ ശ്രമിക്കുന്നു

ഹാംബഗ്ഗ് (ടാട്) ഹാംബഗ്ഗിലെ കായിക ഭ്യാസിഹ്നാകേർഡ് താൻ കണ്ടുപിടിച്ചിരിക്കുന്ന ജലത്തിൽ കൂടുന്ന ഗ്രൂട്ടറിൽ ഇംഗ്ലീഷ് ചാനൽ അക്കരെക്കടക്കാൻ ശ്രമിക്കാൻ പോകയാണു്. കാലൊക്കെ, സോവറിനും ഇടയ്ക്കു് അതു ഓടിക്കുന്നതിനു് മുൻപു് അയാൾ അതിനെ ഹാംബഗ്ഗിലെ ചൊറിയ ജലാശങ്കളിൽ ഓടിച്ചു് നോക്കുകയാണിപ്പോൾ. ഇംഗ്ലീഷ് ചാനൽ കടക്കാൻ ശ്രമിക്കുമ്പോൾ കോർഡ് വെറും ഒരു റബ്ബർ കുപ്പായമേ ധരിക്കയുള്ളൂ. ഈ സ്പ്രിട്ടർ നല്ല ഒരു സ്വോർട്ട്സ് ഉപകരണമായിരിക്കുമെന്നാണ് അതു കണ്ടുപിടിച്ച ആളിന്റെ പ്രതീക്ഷ. കൂടാതെ വെള്ളം കുറവുള്ള സ്ഥാനങ്ങളിൽ മോട്ടോർ ബോട്ടുകൾക്കു് പകരം ഇവ ഓടിക്കാമെന്നുമാണ് അദ്ദേഹം പറയുന്നതു്.

മണ്ണെണ്ണയ്ക്കു് തീപ്പിടിച്ച വില

മാള, മെ. 17

മാളയിലും പരിസരങ്ങളിലും അരി, മണ്ണെണ്ണ തുടങ്ങിയവിനുപയോഗസാധനങ്ങളുടെ വില ദിനപ്രതി വർദ്ധിച്ചു വരികയാണു്. 9 കി. ക്ക് വിറകിരുന്ന മണ്ണെണ്ണ പാട്ടയടക്കം 25 കി കൊടുത്താലും കിട്ടാനില്ല. കുപ്പിക്കു് 35 പൈസക്കു വിറകിരുന്നതു് ഇപ്പോൾ 95 പൈസയ്ക്കാണു് വിൽക്കുന്നതു്. ഇപ്പോഴും വില വർദ്ധിച്ചുകൊണ്ടിരിക്കയാണു്. ഇതുമൂലം സാധാരണക്കാർ വളരെയധികം കഷ്ടപ്പെടുന്നു. ഇതിനേക്കാൾ കഷ്ടമാണു് മലനാടുകളിലെ സ്ഥിതി.

(സ്വ ലേ)

തൃശ്ശൂർബിഷപ്പിന്റെ വള്ളിസന്ദർശനങ്ങൾ

[സ്വ ലേ] നെല്ലായി, മെ 16

തൃശ്ശൂർബിഷപ്പു് റൈറ്റ് റവ. ഡോ. ജോജ്ജ് ആലപ്പാട്ടു് തിരുമേനി ഇന്നലെ നെല്ലായി പള്ളി സന്ദർശിക്കുകയും കുട്ടികൾക്കു് സ്ഥൈര്യലേപനം നൽകുകയും ചെയ്തിരിക്കുന്ന തുടർന്നു് ചേർന്ന സമ്മേളനത്തിൽ തിരുമേനി ആദ്ധ്യക്ഷ്യം വഹിച്ചു. റവ. ഫാ. ജോസഫ് പടമാടൻ സ്വാഗതം പറഞ്ഞു. ബാലികാബാലന്മാരുടെ കലാപരിപാടികളും മറ്റുമുണ്ടായിരുന്നു.

ഇന്നു് വിവിധ ക്ഷേത്രസംഘടനകളുടെ വർദ്ധിക്കുന്നു: ജോസഫ്അക്കരക്കാരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ത്രേസ്യാബ്ദ: ജോജ്ജ് കാളൻ എന്നിവർ പ്രസംഗിച്ചു. നാടകവും ഉണ്ടായിരുന്നു.

പാപ്പുക്കര, മെ 17

തൃശ്ശൂർ ബിഷപ്പു് റൈറ്റ് റവ. ഡോ. ജോജ്ജ് ആലപ്പാട്ടു തിരുമേനി വന്ന ഞായറാഴ്ച പാപ്പുക്കര പള്ളി സന്ദർശിക്കുന്നതും കുട്ടികൾക്കു് സ്ഥൈര്യലേപനം നൽകുന്നതുമാണു്.

....0....

കത്തോലിക്കാപത്രങ്ങളും പ്രചരണവും

ഒരു സമുദായസംഘടനയും മനുഷ്യസ്പർശിയായ എല്ലാ ആധുനിക പ്രശ്നങ്ങളേയും പഠനാ പ്രമാണ ഭ്രദങ്ങളായ നിർദ്ദേശങ്ങളും നൽകുന്നതുമായ തിരുസഭയുടെ പ്രതിഫലനം കത്തോലിക്കാ പത്രങ്ങളിലൂടെയേ പൂർണ്ണമായും സാധിക്കയുള്ളൂ.

—ഫാ: വില്യം സി. എം. ഐ

കത്തോലിക്കാ പത്രങ്ങൾ എങ്ങിനെയെങ്കിലും നടന്നുകൊള്ളുമെന്നൊരു ധാരണയാണു് മിക്ക കത്തോലിക്കർക്കുമുള്ളതു്. അതുകൊണ്ടു് കത്തോലിക്കാ പത്രങ്ങളെ മനഃപൂർവ്വം സഹായിക്കാനോ അവയുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുവാനോ ആരും കൂട്ടാക്കുന്നില്ല.

കത്തോലിക്കാ മനഃസ്ഥിതി

അനേക മതങ്ങളുടേയും നിന്ദ്യതങ്ങളുടേയും മദ്ധ്യേ, പൊതുവായ ഒരു സാമൂഹികരാഷ്ട്രീയജീവിതത്തിനിടയിൽ കത്തോലിക്കാ വീക്ഷണഗതി സ്വീകരിച്ചു് പുലർത്തികൊണ്ടുപോകുന്നതു് ബോധപൂർവ്വകമായ ശ്രമംകൊണ്ടുമാത്രം സാധിക്കാവുന്ന ഒരു കാര്യമാണു്. കത്തോലിക്കാ കുടുംബജീവിതവും കത്തോലിക്കാ അന്തരീക്ഷത്തിലുള്ള വിദ്യാഭ്യാസവും കത്തോലിക്കാ മനഃസ്ഥിതിയെ പരിപോഷിപ്പിക്കാൻ പര്യാപ്തമാണു്. കത്തോലിക്കാ വിദ്യാഭ്യാസത്തിനു് വേണ്ടി പല സമരങ്ങളും നാം നടത്തി. എങ്കിലും ശരിയായ കത്തോലിക്കാ അന്തരീക്ഷത്തിലുള്ള വിദ്യാഭ്യാസംപോലും കത്തോലിക്കാ മനസ്ഥിതിയെ പരിപോഷിപ്പിച്ചു് ലൗകികകാര്യങ്ങളിലെന്നപോലെ ആദ്ധ്യാത്മിക കാര്യങ്ങളിലും പ്രബുദ്ധതയുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്ന കാര്യത്തിൽ നാം ഗണ്യമായി വിജയിച്ചിട്ടില്ല. സർക്കാരിന്റെ കൈടുതൽകൊണ്ടു് നമ്മുടെ വിദ്യാഭ്യാസത്തിൽ കത്തോലിക്കർ എന്നപ്രത്യേകതയുണ്ടു് ഉള്ളതുകൊണ്ടു് ഇല്ലെന്നായിട്ടുണ്ടു്. ഇതു് പോരായ്മയെ പരിഹരിക്കുന്നതിനുള്ള ഒരു മാർഗ്ഗം സാഹിത്യരംഗത്തേയും പ്രസിദ്ധീകരണരംഗത്തേയും ശരിക്കുള്ള പ്രയോജനപ്പെടുത്തുകയാണു്. മതഗ്രന്ഥങ്ങളുടെ പാരായണം ക്രിസ്തീയമനഃസ്ഥിതി വളർത്താൻ സഹായിക്കും. എങ്കിലും ഒരു സജീവസംഘടനയും മനുഷ്യസ്പർശിയായ എല്ലാ ആധുനിക പ്രശ്നങ്ങളേയും പഠനാ പ്രമാണഭ്രദങ്ങളായ നിർദ്ദേശങ്ങളും നൽകുന്നതുമായ തിരുസഭയുടെ പ്രതിഫലനം ഈ ഗ്രന്ഥങ്ങളും പാരായണം ചെയ്യുന്നതുകൊണ്ടുമാത്രം ആക്കം ലഭിക്കുകയില്ല. കാലാനുസൃതമായ ജീവിതത്തിന്റെ മാഗ്ദർശിത്വമാണു് കത്തോലിക്കാസഭ. മാർപ്പാപ്പാമാരേയും മെത്രാന്മാരേയും വൈദികരേയും അൽമേയർമായ പണ്ഡിതന്മാരേയും പ്രബോധനങ്ങളും പത്രങ്ങളും മാസികകളും തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽനിന്നും മാത്രമേ യഥാവസരം നമുക്കു ലഭിക്കൂ. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ മാർപ്പാപ്പാമാരുടെ ഉൽബോധനങ്ങൾപോലും നമുക്കു ബാധകമല്ലാത്തതുപോലെയാണു് പലരുടേയും പെരുമാറ്റം. വിദ്യാലയങ്ങളിലെപ്പോലും വിദ്യാഭ്യാസം 'ജീവിതത്തിനാ'ണെന്നാണു് ആരംഭത്തിൽ മാതൃകാള്ളതാണു്. എന്നാൽ ജീവിതകാലം മുഴുവൻനയിക്കേണ്ടിവിദ്യാഭ്യാസം പ്രദാനം ചെയ്യുന്നവയാണു് ദിനപ്പത്രങ്ങൾ. അതുകൊണ്ടു വിദ്യാലയങ്ങളുടെ കാര്യത്തിൽ സമരംചെയ്യുകയും പത്രങ്ങളുടെ കാര്യത്തിൽശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന നാമുടെ ഇന്നത്തെനയും തികച്ചും ബുദ്ധിഹീനമാണു്. എള്ളോളമുള്ള ചോദ്യത്തിനു കാണം തേങ്ങാപോരുന്നതു കാണുകയില്ല എന്ന മട്ടിലാണു് നമ്മുടെ പോക്കു്.

പത്രങ്ങളുടെ സ്വാധീനം

പണ്ടു് ദിനപ്പത്രങ്ങൾക്കു് നമ്മുടെ നാട്ടിൽ ഇന്നത്തേതുപോലെ പ്രചാരമില്ലായിരുന്നു. അതുകൊണ്ടു് ജനങ്ങളുടെ മേലുള്ള സ്വാധീനവും കുറവായിരുന്നു. അന്നത്തെ അവസ്ഥ ഇനി ഒരിക്കലും ഉണ്ടാവുകയില്ല. ഒരു ദിനപ്പത്രമെങ്കിലും വായിക്കാത്തവർ ഇന്നു മുക്കാൽഭാഗമാണു്

പരിഷത്ത് വാർഷികം മെയ് 28, 29, 30 തിയതികളിൽ ഇരിങ്ങാലക്കുടവച്ച് നടത്തുന്നു

കേന്ദ്രമന്ത്രി ഫക്രുദ്ദീൻ അലി അഹമ്മദ് സമ്മേളനം ഉൽഘാടനംചെയ്യും—വിവിധസമ്മേളനങ്ങൾ, സാഹിത്യ മത്സരങ്ങൾ, കലാപരിപാടികൾ എന്നിവ നടത്തപ്പെടും

ഇരിഞ്ഞാലക്കുട മെയ് 17

സമസ്തകേരള സാഹിത്യപരിഷത്തിന്റെ 29-ാംവാർഷിക സമ്മേളനം മെയ് 28, 29, 30 തിയതികളിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ സംവിധാനംചെയ്യുന്ന ഉണ്ണായി നഗറിൽവെച്ച് സാഘോഷം കൊണ്ടാടുന്നതാണ്. കേന്ദ്രസംസ്കാരികവകുപ്പുമന്ത്രി മി. ഫക്രുദ്ദീൻ അലി അഹമ്മദ് സമ്മേളനം ഉൽഘാടനം ചെയ്യും.

മൂന്നു ദിവസങ്ങളിലായി വിവിധ സമ്മേളനങ്ങൾ വമ്പിച്ച കലാപരിപാടികൾ അനേകം സാഹിത്യമത്സരങ്ങൾ എന്നിവയാണ് ഇത്തവണത്തെ പരിഷത്തിന്റെ പ്രധാനപരിപാടികൾ. കേരളത്തിലെ പ്രമുഖരായ സാഹിത്യനായകന്മാർ ഓരോ സമ്മേളനത്തിലും സംബന്ധിക്കുന്നതാണ്.

മലയാളത്തിലെ കഥാസാഹിത്യം, വിമർശനസാഹിത്യം, അഭിനയ കലാരീതി, ചരിത്രവും ഗവേഷണവും, കവിസമ്മേളനം, ശാസ്ത്രസാഹിത്യം, സാഹിത്യപോഷണമാർഗ്ഗങ്ങൾ എന്നിവയാണ് പ്രധാന സമ്മേളനവിഷയങ്ങൾ. മൂന്നുദിവസങ്ങളിലും നാടകം, കഥകളി, കഥാപ്രസംഗം, ഭരതനാട്യം, സംഗീതകച്ചേരി, ഏകാങ്കം തുടങ്ങിയ മികച്ച കലാപരിപാടികൾക്ക് ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാൻ മി. കെ. പി. ജോൺ അദ്ധ്യക്ഷനായുള്ള സ്വാഗതസംഘം സമ്മേളനനടത്തിപ്പിനുള്ള ഒരുക്കങ്ങൾ ധൃതഗതിയിൽ നടത്തിവരുന്നു. സ്വാഗതസംഘത്തിന്റെ ആപ്പീസ് ഇന്നിവിടെ കോടിതിക്കുമ്പിലുള്ള കെട്ടിടത്തിൽ ഉറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സമ്മേളനത്തിൽ സംബന്ധിക്കാൻ ഉദ്ദേശിക്കുന്ന സാഹിത്യകാരന്മാർക്കും പ്രതിനിധികൾക്കും ക്രൈസ്റ്റ് കോളേജ് ഹോസ്റ്റലിൽ താമസസൌകര്യം ഏർപ്പെടുത്തിയിരിക്കുന്നു. 2500 രൂപയുടെ ഒരു താൽക്കാലികബഡ്ജറാണ് സമ്മേളന നടത്തിപ്പിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നത്. സ്വാഗതസംഘം ഭാരവാഹികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് ധനശേഖരം നടത്തിവരുന്നു.

നളചരിതം ആട്ടക്കഥയുടെ കർത്താവായ മഹാകവി ഉണ്ണായിവാരിയരുടെ ജന്മനാട്ടിൽവെച്ച് നടത്തപ്പെടുന്ന ഈ പ്രാവശ്യത്തെ പരിഷൽ സമ്മേളനം ഒരു തികഞ്ഞ വിജയമാക്കുന്നതിനുവേണ്ടി ഭാരവാഹികൾ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട് മെയ് 28-ാംതു- രാവിലെ നഗരാരംഭത്തിയിൽ എത്തുന്ന കേന്ദ്രമന്ത്രിക്ക ഒരു വമ്പിച്ച സ്വീകരണം നൽകുന്നതും ഘോഷയാത്രയായി സമ്മേളനനഗരിലേയ്ക്കു ആനയിക്കുന്നതുമാണ്. സമ്മേളനാനുബന്ധികം ഫിലിം പ്രൊജക്ഷനും പ്രക്ഷേപണം ചെയ്യുന്നതിനും ഇന്ത്യാ ഗവണ്മെന്റിന്റെ ഫിലിം ഡിവിഷൻ, അഖിലേന്ത്യാ റേഡിയോ എന്നിവരെ ക്ഷണിച്ചിട്ടുണ്ട്.

വാഹികത്തോടൊന്നിച്ച നടത്തപ്പെടുന്ന അരമണിക്കൂർ നാടകാവതരണമത്സരം മെയ് 26, 27 തിയ്യതികളിൽ ക്രൈസ്റ്റ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച നടത്തപ്പെടുന്നതാണ്.

....

ഹിന്ദി ബാലസാഹിത്യഗ്രന്ഥങ്ങളുടെ ബിബ്ലിയോഗ്രഫിതയ്യാറാക്കുന്നു

ന്യൂഡൽഹി, മെ. 17

അഫ്ഘാൻ ഗവണ്മെന്റിന്റെ ക്ഷണമനുസരിച്ച് പ്രസിഡന്റിന്റെ വായനക്കാരനായ ശ്രീ. മഹ്മൂദ് മിർസാക ബുദ്ധിച്ച് അദ്ദേഹം ഉപയോഗിച്ചിരുന്ന എതാനും സാധനങ്ങളുടെ ഒരു പ്രദർശനവും വിശ്വഭാരതി സർവ്വകലാശാലയുടെ ഒരു ഭാഗവും സംഘടിപ്പിക്കുകയുണ്ടായി. പ്രദർശനസാധനങ്ങളിൽ ചരിത്രപ്രാധാന്യമുള്ള ഒരു പോക്കറ്റ് വാച്ചും ഉൾപ്പെടുന്നു. ലോകവന്ദ്യനായ ടാഗോറിനുപോലും പണം സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുള്ള ഒരു ഘട്ടം ഉണ്ടായിരുന്ന അന്ന് തന്റെ നിത്യോപയോഗത്തിനുള്ള സാധനങ്ങൾപോലുമടി വിറ്റ് കാര്യങ്ങം നിറവേറിവന്ന പിൻകാലത്തും ലോകപ്രസിദ്ധിയാർജ്ജിച്ച വിശ്വഭാരതി സർവ്വകലാശാല ടാഗോർ ട്രസ്ടിയെപ്പോലും അദ്ദേഹത്തിന് പണം സംബന്ധിച്ച വളരെ ക്ലേശം ഉണ്ടായി. സർവ്വകലാശാല പൂർത്തിയാക്കുന്നതിനുവേണ്ടി ധനമില്ലാതിരുന്നതിനാൽ അദ്ദേഹം വളരെ നിരാശയോടുകൂടി തന്റെ വിവാഹത്തിന് സമ്മാനം കിട്ടിയതും താൻ വളരെ വിലമതിക്കുന്നതുമായ വോക്കറാറ് വാച്ചുപോലും വിറ്റാണ് പണി പൂർത്തിയാക്കിയത്. പിന്നീടാണ് അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയത്. വിശ്വഭാരതി ലോകപ്രസിദ്ധിയുള്ള സർവ്വകലാശാലയായി ഉയർന്ന ടാഗോറിന് ധാരാളം പണം കൈവശം വന്ന. അക്കാലത്തും തന്റെ പൂതനായ യതീന്ദ്രനാഥ ടാഗോറിന്റെ വിവാഹം അത്യുഡംബരപൂർവ്വം' നടത്തപ്പെട്ടു. ആ വിവാഹത്തിന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും പലതരം വിലയേറിയ സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി. കൂട്ടത്തിൽ ഒരു ചെറിയ പോക്കറ്റവാച്ചും ഉണ്ടായിരുന്ന. പൊതിപൊളിച്ചു നോക്കിയപ്പോഠം ആശ്ചര്യമെന്നു പറയട്ടെ വഷ്ങ്ങൾക്ക് മൻപ് താൻ വിറ്റതായ പോക്കറ്റവാച്ച് ആയിരുന്ന അതിലുണ്ടായിരുന്നതും. അതു അയച്ചതു ഒരു അജ്ഞാതനാമാവായിരുന്ന. പൊയ ഒരു കുറിപ്പിൽ തന്റെ എളിയ പാരിതോഷികമായി ആ വാച്ച് സ്വീകരിക്കണമെന്നും ആ അജ്ഞാതനാമാവ് അഭ്യർത്ഥിച്ചിരുന്ന. ഈ ഗുരുദേവന്റെ ജീവിതത്തിലെ സുരണീയമായ ഒരു സംഭവമായിട്ടാണ് ഇതു കരുതപ്പെടുന്നതു.

—(കേ. പ്ര)

തിരു: വിമാനത്താവളം ആറാട്ടുനോറ് എയർപോർട്ടാക്കാൻ സാദ്ധ്യത

ശ്രീനഗർ ടവൽ കോൺഗ്രസ്സിലെ ചർച്ച

ശ്രീനഗർ മേയ് 17

ഇവിടെവച്ചു കൂടിയ ടവൽ കോൺഗ്രസ്സിൽ നടന്ന ചച്ചകളിൽ തിരുവനന്തപുരം എയർപോർട്ട് വികസിപ്പിക്കയാണെങ്കിൽ തിരുവനന്തപുരം ആറാട്ടുനോറ് എയർ പോർട്ടുകളായി അംഗീകരിച്ചിട്ടുള്ളതാണ്. കാലാവസ്ഥ ഭേദമൊണ്ട് ഒരു പോർട്ടിൽ ഏതെങ്കിലും അസൌകര്യം നേരിട്ടാൽ ആറാട്ടുനോറ് പോർട്ടു് ഉപയോഗപ്പെടുത്താവുന്നതാണ്. മദ്രാസും തിരുവനന്തപുരവും ആറാട്ടുനോറ് പോർട്ടുകളായി പ്രഖ്യാപിക്കുവാൻ സാധ്യതയുണ്ട്. ഇൻഡ്യയിലെ എയർപോർട്ടുകളിൽ കൊല്ലത്തിൽ ഒരു ദിവസംപോലും കാലാവസ്ഥാഭേദംകൊണ്ടു് സഞ്ചാരപ്രയാസം നേരിടാത്ത ഒരു പട്ടണമാണ് തിരുവനന്തപുരം എന്നു് സമ്മതി നേടിയിട്ടുള്ളതാണ്.

(കേരളാപ്രസ്സ്)

വാതകോപം

(മലം അമിതമായി വരളുക, ഗ്യാസ്ട്രബ്ധം, ബലക്ഷയം, നെഞ്ചിടിപ്പ്, മരവിപ്പ്, കാഞ്ഞിരവു്, ഉറക്കക്കുറവു്, ഭയം, ചിന്ത തുടങ്ങിയവ)

വേദനകം

(നെഞ്ചു്, വയറു്, തണ്ടൽ, തല, അസ്ഥി തുടങ്ങിയ സ്ഥാനങ്ങളിൽ ഉണ്ടാവുന്നതു്)

നീർവീഴ്ചകം

(കഫവും ധാതുക്കളും ഉരുകിയും ഉഷ്ണിച്ചു, കണ്ണു്, മൂക്കു്, വായു് തുടങ്ങിയ മാർഗ്ഗങ്ങളിൽകൂടി സ്രവിക്കുക, ഇടക്കിടെ തുമ്മുക, കഴല, കരു, തടിപ്പു്, നീരു് കഴുത്തും പുറവും മറവും കഴക്കുക, മൂത്രം അമിതമായും അടുത്തടുത്തും പോവുക, തുടങ്ങിയവ)

മെലിച്ചിൽ

(കഫവുംരസം, രക്തം, മാംസം, മേദസ്സു, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളും വരണ്ടുപോവുക,—ശരീരം ഉണങ്ങിയപോലെയാവുക)

ഉഷ്ണാധിക്യം

(വിശപ്പും ദാഹവും വീയർപ്പും കൂടാതെ അമിതമായി തീരുക, വയറുകാളിച്ച, കണ്ണു്, മൂത്രപാരം, നെഞ്ചു് മുതലായവയിൽ എരിച്ചിൽ തുടങ്ങിയവ)

എന്നീ പഞ്ചരോഗങ്ങളിൽ സേവിക്കുന്നതിനു്

പഞ്ചരോഗസംഹാരിയും

തലയിലും ദേഹത്തിലും തേച്ചുകുളിക്കുന്നതിനു്

ശാരിബാതൈലവും

(ശരീരം കൂടുതൽ പുഷ്ടിച്ചതാണെങ്കിൽ നീർവീഴ്ചസംഹാരിയാണു് തലയിലും ദേഹത്തിലും തേച്ചു കുളിക്കേണ്ടതു്)

ഏതാവശ്യത്തിനും ഉത്തമമായിട്ടുള്ള സിദ്ധൌഷധങ്ങളാകുന്നു. കൂടുതൽ വിവരങ്ങൾക്ക് കാളൻസ് സൈൽസ് ഡിപ്പോകം (തിരുവനന്തപുരം—സ്റ്റാച്ചു റോഡ്, കോട്ടയം—പുളിമൂട്ടിൽ കവല, ആലപ്പുഴ—ബോട്ടുജെട്ടിക്കസമീപം, എറണാകുളം—കാനൻഷെഡ്റോഡ്, തൃശ്ശൂർ—മുൻസിപ്പൽ ആഫീസ് റോഡ്, കോഴിക്കോടു്—മീറായിതെരുവു്, തലശ്ശേരി—മിഷ്യൻ സ്ട്രീറ്റിനുസമീപം, കണ്ണൂർ—കാംബസ്റോഡ്സ്റ്റാ) സന്ദർശിക്കുകയോ, കാളൻസ് എഞ്ചിനീയറിംഗ് സമീപിക്കുകയോ, താഴെകാണുന്ന വിലാസത്തിൽ എഴുതുകയോ ചെയ്യുക.

കാളൻ, നെല്ലായി S. INDIA

വിറ്റ വസ്തുതന്നെ പാരിതോഷികമായി കിട്ടി

കൽക്കട്ടാ — വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 104-ാമതു് ജന്മദിനാഘോഷങ്ങളോടനുബന്ധിച്ച് അദ്ദേഹം ഉപയോഗിച്ചിരുന്ന എതാനും സാധനങ്ങളുടെ ഒരു പ്രദർശനവും വിശ്വഭാരതി സർവ്വകലാശാലയുടെ ഒരു ഭാഗവുമാണ് സംഘടിപ്പിക്കുകയുണ്ടായി. പ്രദർശനസാധനങ്ങളിൽ ചരിത്രപ്രാധാന്യമുള്ള ഒരു പോക്കറ്റ് വാച്ചും ഉൾപ്പെടുന്നു. ലോകവന്ദ്യനായ ടാഗോറിനുപോലും പണം സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുള്ള ഒരു ഘട്ടം ഉണ്ടായിരുന്ന അന്ന് തന്റെ നിത്യോപയോഗത്തിനുള്ള സാധനങ്ങൾപോലുമടി വിറ്റ് കാര്യങ്ങം നിറവേറിവന്ന പിൻകാലത്തും ലോകപ്രസിദ്ധിയാർജ്ജിച്ച വിശ്വഭാരതി സർവ്വകലാശാല ടാഗോർ ട്രസ്ടിയെപ്പോലും അദ്ദേഹത്തിന് പണം സംബന്ധിച്ച വളരെ ക്ലേശം ഉണ്ടായി. സർവ്വകലാശാല പൂർത്തിയാക്കുന്നതിനുവേണ്ടി ധനമില്ലാതിരുന്നതിനാൽ അദ്ദേഹം വളരെ നിരാശയോടുകൂടി തന്റെ വിവാഹത്തിന് സമ്മാനം കിട്ടിയതും താൻ വളരെ വിലമതിക്കുന്നതുമായ വോക്കറാറ് വാച്ചുപോലും വിറ്റാണ് പണി പൂർത്തിയാക്കിയത്. പിന്നീടാണ് അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയത്. വിശ്വഭാരതി ലോകപ്രസിദ്ധിയുള്ള സർവ്വകലാശാലയായി ഉയർന്ന ടാഗോറിന് ധാരാളം പണം കൈവശം വന്ന. അക്കാലത്തും തന്റെ പുതനായ യതീന്ദ്രനാഥ ടാഗോറിന്റെ വിവാഹം അത്യുഡംബരപൂർവ്വം' നടത്തപ്പെട്ടു. ആ വിവാഹത്തിന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും പലതരം വിലയേറിയ സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി. കൂട്ടത്തിൽ ഒരു ചെറിയ പോക്കറ്റവാച്ചും ഉണ്ടായിരുന്ന. പൊതിപൊളിച്ചു നോക്കിയപ്പോഠം ആശ്ചര്യമെന്നു പറയട്ടെ വഷ്ങ്ങൾക്ക് മൻപ് താൻ വിറ്റതായ പോക്കറ്റവാച്ച് ആയിരുന്ന അതിലുണ്ടായിരുന്നതും. അതു അയച്ചതു ഒരു അജ്ഞാതനാമാവായിരുന്ന. പൊയ ഒരു കുറിപ്പിൽ തന്റെ എളിയ പാരിതോഷികമായി ആ വാച്ച് സ്വീകരിക്കണമെന്നും ആ അജ്ഞാതനാമാവ് അഭ്യർത്ഥിച്ചിരുന്ന. ഈ ഗുരുദേവന്റെ ജീവിതത്തിലെ സുരണീയമായ ഒരു സംഭവമായിട്ടാണ് ഇതു കരുതപ്പെടുന്നതു.

—(കേ. പ്ര)

മുനി: ഓഫീസിനു മുമ്പിൽ സൂചനാ സത്യഗ്രഹം

ഫോർട്ടുകൊച്ചി, മെയ് 17

ഫോർട്ടുകൊച്ചി മുനിസിപ്പാലിറ്റിയുടെ ജനദ്രോഹനടപടികളെ പ്രതിഷേധിക്കുന്നം അധികൃതരുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നതിനായി മെയ് 23-ാംതു- തിങ്കളാഴ്ച മുനി: ആഫീസിനുമുമ്പിൽ ഒരു സൂചനാസത്യഗ്രഹം നടത്താൻ ഫോർട്ടുകൊച്ചി ബഹുജനസംഘടനാസമിതി തീരുമാനിച്ചിരിക്കുന്നു.

തങ്ങളുടെ സംരംഭത്തിനു പൊതുജനപിന്തുണ ആകർഷിക്കാൻ മെയ് 18നു് കൊച്ചി വെളിമൈതാനത്തിലും 20-ാംതീയതി സെൻട്രൽ കൽവത്തി സ്റ്റേഡിയത്തിലും ഉൽഘാടനസമ്മേളനങ്ങൾ നടത്തുന്നതാണ്. ചാർളി ജെ. മണ്ടി [തൃശ്ശൂർ]യുടെ കളി കാണികളെ ആവേശഭരിതരാക്കി. ഇബ്രാഹിം ജവഹർ ക്ലബ്ബിനെ, മൂക്കനൂട്ട് (ഡബിൾസ്) കെ. എ. സി. ക്ലബ്ബ്ടീമും തോല്പിക്കുകയുണ്ടായി.

....o....

ഇന്ത്യൻസിതാർ വിദഗ്ദ്ധൻ കാബൂളിലേക്കു്

ന്യൂഡൽഹി, മെ. 17

അഫ്ഘാൻ ഗവണ്മെന്റിന്റെ ക്ഷണമനുസരിച്ച് പ്രസിഡന്റിന്റെ വായനക്കാരനായ ശ്രീ. മഹ്മൂദ് മിർസാക ബുദ്ധിച്ച് അദ്ദേഹം ഉപയോഗിച്ചിരുന്ന എതാനും സാധനങ്ങളുടെ ഒരു പ്രദർശനവും വിശ്വഭാരതി സർവ്വകലാശാലയുടെ ഒരു ഭാഗവുമാണ് സംഘടിപ്പിക്കുകയുണ്ടായി. പ്രദർശനസാധനങ്ങളിൽ ചരിത്രപ്രാധാന്യമുള്ള ഒരു പോക്കറ്റ് വാച്ചും ഉൾപ്പെടുന്നു. ലോകവന്ദ്യനായ ടാഗോറിനുപോലും പണം സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുള്ള ഒരു ഘട്ടം ഉണ്ടായിരുന്ന അന്ന് തന്റെ നിത്യോപയോഗത്തിനുള്ള സാധനങ്ങൾപോലുമടി വിറ്റ് കാര്യങ്ങം നിറവേറിവന്ന പിൻകാലത്തും ലോകപ്രസിദ്ധിയാർജ്ജിച്ച വിശ്വഭാരതി സർവ്വകലാശാല ടാഗോർ ട്രസ്ടിയെപ്പോലും അദ്ദേഹത്തിന് പണം സംബന്ധിച്ച വളരെ ക്ലേശം ഉണ്ടായി. സർവ്വകലാശാല പൂർത്തിയാക്കുന്നതിനുവേണ്ടി ധനമില്ലാതിരുന്നതിനാൽ അദ്ദേഹം വളരെ നിരാശയോടുകൂടി തന്റെ വിവാഹത്തിന് സമ്മാനം കിട്ടിയതും താൻ വളരെ വിലമതിക്കുന്നതുമായ വോക്കറാറ് വാച്ചുപോലും വിറ്റാണ് പണി പൂർത്തിയാക്കിയത്. പിന്നീടാണ് അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയത്. വിശ്വഭാരതി ലോകപ്രസിദ്ധിയുള്ള സർവ്വകലാശാലയായി ഉയർന്ന ടാഗോറിന് ധാരാളം പണം കൈവശം വന്ന. അക്കാലത്തും തന്റെ പുതനായ യതീന്ദ്രനാഥ ടാഗോറിന്റെ വിവാഹം അത്യുഡംബരപൂർവ്വം' നടത്തപ്പെട്ടു. ആ വിവാഹത്തിന് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും പലതരം വിലയേറിയ സമ്മാനങ്ങൾ ലഭിക്കുകയുണ്ടായി. കൂട്ടത്തിൽ ഒരു ചെറിയ പോക്കറ്റവാച്ചും ഉണ്ടായിരുന്ന. പൊതിപൊളിച്ചു നോക്കിയപ്പോഠം ആശ്ചര്യമെന്നു പറയട്ടെ വഷ്ങ്ങൾക്ക് മൻപ് താൻ വിറ്റതായ പോക്കറ്റവാച്ച് ആയിരുന്ന അതിലുണ്ടായിരുന്നതും. അതു അയച്ചതു ഒരു അജ്ഞാതനാമാവായിരുന്ന. പൊയ ഒരു കുറിപ്പിൽ തന്റെ എളിയ പാരിതോഷികമായി ആ വാച്ച് സ്വീകരിക്കണമെന്നും ആ അജ്ഞാതനാമാവ് അഭ്യർത്ഥിച്ചിരുന്ന. ഈ ഗുരുദേവന്റെ ജീവിതത്തിലെ സുരണീയമായ ഒരു സംഭവമായിട്ടാണ് ഇതു കരുതപ്പെടുന്നതു.

—(കേ. പ്ര)

ആക്ഷേപങ്ങളും ആവശ്യങ്ങളും

റേഷൻ നെല്ലിലും മായം

കുറച്ചു ദിവസങ്ങൾക്കുമുമ്പ് താലൂക്കിലെ സിംഹഭാഗം റേഷൻ ഷാപ്പിലൂടെ കാർഡുടമസ്ഥർക്ക് ഇപ്പോൾ ലഭിക്കുന്നതു നെല്ലാണെന്നും, കാർഡുകാർക്ക ലഭിക്കുന്ന ഈ നെല്ലിൽ ധാരാളം മണലുണ്ടെന്നും (ചരൽ) റേഷൻ വാങ്ങി ജീവിക്കുന്ന ഒരു കുടുംബനാഥൻ നിങ്ങളുടെ ലേഖകനോടു് പ്രസ്താവിച്ചിരിക്കുന്നു.

മുൻ കാലങ്ങളിൽ കൃഷിക്കാരിൽനിന്നു് ഗവണ്മെൻറ് നെല്ലു് സംഭരിക്കുന്നതു് അളവു് എന്ന രീതി അവലംബിച്ചായിരുന്നെന്നും, അന്നു് പതിനു്, തടിമക്കു് തുടങ്ങിയ ഉപയോഗത്തുനുമായ നെല്ലിൻറെ അവശിഷ്ടങ്ങളും ചേർക്കാൻ കഷ്ടകരമായ സൌകര്യമുണ്ടായിരുന്നെന്നും, ഇപ്പോഠം ലെവി മുഖേനയുള്ള നെല്ലു് സംഭരണം 'തൂക്കം' എന്ന രീതി അവലംബിച്ചിരിക്കുന്നതുകൊണ്ടു് കഷ്ടകർ ചേരുന്നതാണു് നെല്ലിൽ ഇപ്പോഠം കാണുന്ന മണലും പതിരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കഷ്ടകരോ, റേഷൻ കടയുടമസ്ഥരോ, ആരായാലും സാധുക്കളും വാങ്ങുന്ന നെല്ലിൽ പതികാണിക്കുന്നതു് ക്രൂരകരമാണു്.

ബന്ധപ്പെട്ടവർ ഈ തെറ്റായ രീതിക്കു് വിരാമമിടാൻ ശ്രമിക്കേണ്ടതാണു്.

ചമ്പക്കുളം—സ്വന്തം ലേഖകൻ.

ഇരിങ്ങാലക്കുട പോലീസിൻറെ ശ്രദ്ധയ്ക്കു്

കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവം ആരംഭിച്ചിരിക്കുന്നു. അതോടൊപ്പം മുച്ചീട്ടുകളിക്കാർ, നാടക്കെട്ടുകാർ തുടങ്ങിയ തട്ടിപ്പുസംഘവും എത്തിച്ചേർന്നിട്ടുണ്ടു്. ക്ഷേത്രത്തിന്റെ പരിസരങ്ങളിലുള്ള ഇടവഴികളിലും മറവുമാണു് ഇവരുടെ തട്ടിപ്പുനടക്കുന്നതു്. സൂചിയേഴു്, പന്തേരു, കവർപ്പെടുടങ്ങിയ തട്ടിപ്പുകളും, നടക്കാവുള്ള ഘലമാണിതു്. സാധാരണ പോലീസുകാർ ഇതു കണ്ടു കണ്ണടച്ചുപോകാറാണു് പതിവു്. ഇത്തവണ ഈ തട്ടിപ്പുകാക്ക് എതിരെ കർശനമായ നടപടി എടുക്കണമെന്നു് പോലീസ് ശ്രദ്ധിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ഇരിങ്ങാലക്കുട—ഒരു നാട്ടുകാരൻ.

മട്ടാഞ്ചേരിയിൽ പേപ്പട്ടി ശല്യം

മട്ടാഞ്ചേരി മുനിസിപ്പാലിറ്റിയുടെ തെക്കു ഭാഗത്തിയായ മുണ്ടംവേലി പ്രദേശത്തു് പേപ്പട്ടിശല്യം എന്നെന്നില്ലാതെ വർദ്ധിച്ചിരിക്കുന്നു. മട്ടാഞ്ചേരി മുനിസിപ്പൽ അധികൃതർ ഉടനടി ഈ ഭാഗത്തു പട്ടിപിടിത്തം ഏർപ്പെടുത്തുന്നതു് നന്നായിരിക്കും.

കൊച്ചി, ഭാനുപ്രകാശൻ.

സിലോൺ—തിരുവനന്തപുരം എയർറൂട്ട് ഉടനെ ആരംഭിക്കണമെന്നു്

എയർവേയ്സ് കോപ്പറേഷൻ ചീഫ് ട്രാഫിക് മാനേജരുമായി ഗോവർമ്മരാജാവുടെ ആലോചന

ശ്രീനഗർ മേയ് 17

ഇവിടെവച്ചു കൂടിയ ഇന്ത്യൻ ടവൽ കോൺഗ്രസ്സിൽ സംബന്ധിച്ചിരുന്ന കേരളാ ടവൽസ് മാനേജിംഗ് ഡയറക്ടർ ലഫ്: കേണൽ ഗോദവർമ്മരാജാ തിരുവനന്തപുരം—സിലോണും തമ്മിൽ വിമാനസർവ്വീസു് ആരംഭിക്കേണ്ടതിനെറ അത്യാവശ്യകതയെക്കുറിച്ചു് ഇന്ത്യൻ എയർവേയ്സ് കോർപ്പറേഷന്റെ ചീഫ് ട്രാഫിക് മാനേജരായ മി. ബി. പി. ഇസ്രാനിയുമായി കൂടി ആലോചനകം നടത്തുകയും ആ ദിശയിൽ ആംഭിക്കുന്നതോടുകൂടി ടൂറിസം വികസിപ്പിക്കുന്നതിനു് വളരെയേറെ സഹായകമായിരിക്കുമെന്നു് ഉൽബോധിപ്പിക്കുകയുമുണ്ടായി. വിദേശസഞ്ചാരികകം തിരുവനന്തപുരം തൊടാതെ മദ്രാസ്സു് ഡൽഹി ബോംബെ മുതലായ പട്ടണങ്ങളിൽനിന്നു് സിലോണിലേയ്ക്കു പോകുന്നതുകൊണ്ടു് പ്രകൃതിസുന്ദരമായ കേരളം സന്ദർശിക്കുവാൻ അവക്ക സാധിക്കാതെ പോകുന്ന കാര്യം അദ്ദേഹത്തെ ധരിപ്പിക്കുകയുണ്ടായി. ആ കാര്യം കോർപ്പറേഷന്റെ ആലോചനയിലുള്ള താണെന്നും സമീപകാലത്തുതന്നെ അ

സമീപത്തുള്ള മൈതാനിയിലും 22-ാംതു- പാലരിപ്പാലം മൈതാനിയിലും 238-ാം തീയതി പട്ടാളം മൈതാനിയിലും പൊതുയോഗങ്ങൾകം ചേരുന്നതാണു്.

—

അന്തർദ്ദേശീയ ടെലികമ്യൂണിക്കേഷൻ യൂണിയന്റെ ശതാബ്ദി

(ജ്യോ. ആർ. എസ്. റാവു)

കഴിഞ്ഞ നാലുദശാബ്ദത്തിനിടയ്ക്കു് ലോകത്തിലെ എല്ലാ ഭാഗങ്ങളിലും സുപരിചിതമായൊരു വാക്കായിത്തീർന്നിട്ടുണ്ടു് റേഡിയോ. ഉത്സാഹാതിരേകത്തോടെ പലരുടെയും ശ്രവിക്കുന്ന കുട്ടികകം മുതൽ മതപ്രഭാഷണങ്ങളും ചുടുവാർത്തകളും ആത്തിയോടെ ശ്രവിക്കുന്ന വൃദ്ധന്മാർവരെ എല്ലാവരുടെയും ശ്രദ്ധയെ പിടിച്ചുനിർത്തുന്നു, അതു്. ഇതുപോലെ ജനസമ്മതിയുണ്ടായിട്ടും, നമ്മുടെ രാജ്യത്തു് നൂറിൽ ഒരാൾക്കപോലും റേഡിയോ ഇല്ല. 1963 അവസാനം 37.5 ലക്ഷം റേഡിയോ ലൈസൻസുകകം നിലവിലുണ്ടായിരുന്നു. 1964-ൽ ഇന്ത്യയിൽ 4.5 ലക്ഷം റേഡിയോ സെറ്റുകകം നിർമ്മിക്കുകയുണ്ടായി. രണ്ടുപ്രാവശ്യമായി 43.9 കോടി ജനങ്ങൾക്ക് 41.8 ലക്ഷം റേഡിയോ സെറ്റുകകം മാത്രം. അമേരിക്കയിൽ ജനസംഖ്യയിൽ ഓരോ രുത്തക്കും ശരാശരി ഒരു റേഡിയോ ഉണ്ടു്. ബ്രിട്ടനിൽ മൂന്നുപേക്ക് ഒരു റേഡിയോ സെറ്റ് വീതമുണ്ടു്. ഏഷ്യൻ രാജ്യങ്ങളിൽപ്പോലുപേക്ക് ഒരു റേഡിയോ സെറ്റുവീതമുള്ള ജപ്പാനാണ് മുൻപന്തിയിൽ നില്പുന്നതു്. ഇതിൽനിന്നും റേഡിയോക്ക് ഇന്ത്യയിൽ വമ്പിച്ച വിപണന സാദ്ധ്യതയുണ്ടെന്നു് വ്യക്തമാണല്ലോ.

മൂന്നാം പദ്ധതിയിലെ ഉല്പാദനലക്ഷ്യം

മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനം, അതായതു് 1965-66 ൽ, റേഡിയോ സെറ്റുകളുടെ പ്രതിവർഷ ഉല്പാദനലക്ഷ്യം പത്തുലക്ഷമായി പ്ലാനിംഗ് കമ്മീഷൻ നിർണ്ണയിച്ചപ്പോഠം, ഈ കണക്കുകളെല്ലാം പരിഗണിക്കുകയുണ്ടായി. നമ്മുടെ ജനങ്ങളുടെ വളരെ താഴ്ന്ന പ്രതിശീർഷവരുമാനവും ഒരു കുടുബത്തിൽ അഞ്ചംഗങ്ങളുണ്ടെങ്കാമെന്ന വസ്തുതയും കണക്കിലെടുത്താൽ, ഇവിടെ ഏകദേശം 400 ലക്ഷം മുതൽ 500 ലക്ഷംവരെ റേഡിയോ സെറ്റുകകം വിറ്റഴിക്കാൻ സാദ്ധ്യതയുണ്ടു്. പ്ലാനിംഗ് കമ്മീഷൻ വിഭാവനം ചെയ്ത ഉല്പാദന നിലവാരം കൈവരിച്ചാൽപോലും രാജ്യത്തിന്റെ മുഴുവൻ ആവശ്യവും നിറവേറുവാൻ കുറേകാലം വേണ്ടിവരും. ഈ പശ്ചാത്തലത്തിലാണു്, ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ വികസനസാദ്ധ്യതകകം വിലയിരുത്തുവാൻ ഗവണ്മെണ്ടു് രൂപവൽക്കരിച്ച ഭാഭാകമ്മറ്റി, സമീപഭാവിയിൽതന്നെ റേഡിയോ സെറ്റുകളുടെ ഉല്പാദനത്തോതു് പ്രതിവർഷം 20 ലക്ഷമാക്കി വർദ്ധിപ്പിക്കണമെന്നു് ശിപാർശ ചെയ്തതു്.

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് ഉല്പാദനച്ചെലവു് കുറയ്ക്കുകയും റേഡിയോയുടെ ഭാഗങ്ങകം വേണ്ടത്ര ലഭ്യമാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. ഇതുരണ്ടും കൂടെയൊക്കെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉല്പാദനച്ചെലവു് നോക്കിയാൽ, നാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന ഭാഗങ്ങളുടെ ചെലവു് ഇറക്കുമതി ചെയ്യുന്ന വയേക്കാൾ എതയോ അധികമാണെന്നു് കാണാം. നല്ലനിലവാരമുള്ള സംസ്കൃതവസ്തുക്കളുടെ ലഭ്യതയും, വിദേശസാങ്കേതിക പരിജ്ഞാനത്തോടുള്ള ആശ്രിതത്വം, ഇന്ത്യൻ തൊഴിലാളികളുടെ താഴ്ന്ന ഉൽപ്പാദനക്ഷമത എ

സംസ്ഥാന ഭക്ഷ്യോപദേശകസമിതി ഇന്നുചേരുന്നു

(പി ടി ഐ) തൃശ്ശൂർ: മെ 17

കേരളം, മദിരാശി, മൈസൂർ, ആന്ധ്ര എന്നീ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള ഭക്ഷ്യോപദേശകസമിതി ഇന്നു രാവിലെ 10 മണിക്ക് തൃശ്ശൂർ കളക്ടറേറ്റിൽ ചേരുന്നതാണ്.

ഇപ്പോഴത്തെ ഭക്ഷ്യപ്രശ്നത്തെപ്പറ്റി ചർച്ച ചെയ്യുന്നതിനാണ് ഈ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളത്. കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ ഇന്നലെ തൃശ്ശൂരിൽ എത്തിച്ചേർന്നു.

മുളങ്കുന്നത്ത്കാവ് ടി.ബി. സാനിറ്റോറിയത്തിൽ പട്ടിണിയുടെ നിലവിളി

മരുന്നുകൾ ലഭിക്കുന്നില്ലെന്ന് ആവലാതി

(സ്വ ലേ) തൃശ്ശൂർ, മെ 17

മുളങ്കുന്നത്തുകാവ് ടി. ബി. സാനിറ്റോറിയത്തിൽ ഒരുതരം അരാജകാവസ്ഥയാണെന്ന് ഇന്ന് നടത്തിയ മറ്റൊരു ഭക്ഷ്യക്ഷാമം അവിടേയും പടർന്നു പിടിച്ചിരിക്കുകയാണെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

വളരെ വേദനാജനകമായ റിപ്പോർട്ടുകളാണ് അവിടത്തെ ഏതാനും രോഗികളിൽനിന്നും നിത്യേനയെന്നോണം ഞങ്ങളുടെ ലേഖകനറിയാൻ കഴിഞ്ഞത്. പാലും മുട്ടയും പഴവർഗ്ഗങ്ങളും ക്രമമായി കഴിച്ച് രക്തം വയ്ക്കുകയും ശരീരം പുഷ്ടിപ്പെടുകയും ചെയ്യേണ്ടുന്ന ഇവിടത്തെ രോഗികൾക്ക് കാലത്ത്തന്നെ കന്നുകാലിക്കർഷകരുടെ കണ്ണുതുപോലെയുള്ള ഒരുതരം ഗോതമ്പുകഞ്ഞിയാണത്രെ നൽകപ്പെടുന്നത്. പലരും അത് കുടിക്കുന്നില്ലെന്നും പുറമേ നിന്ന് എന്തെങ്കിലും വാങ്ങി കൊണ്ടുവരുവിപ്പിച്ച് കഴിച്ച് വിശപ്പടക്കുകയാണെന്നും അറിയാൻ കഴിഞ്ഞു. 6 ഔൺസ് പോറാണത്രെ ഇപ്പോൾ ഈ രോഗികൾക്ക് ലഭിക്കുന്നത്. അതിൽ 2ഔൺസ് കല്ലും കട്ടയുമായിരിക്കും.

മരുന്നുകളൊന്നും മുറയ്ക്ക് ലഭിക്കുന്നില്ലെന്നാണറിയുന്നത്. മിക്ക മരുന്നുകളും തീർന്നു കഴിഞ്ഞിട്ട് മാസങ്ങൾതന്നെ പലതായി. ഇപ്പോളും ആ വക വിലപിടിപ്പുള്ള മരുന്നുകൾ ഒന്നുംതന്നെ എത്തിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. പില ഇഞ്ചക്ഷനുകൾ മാത്രമേ പലർക്കും നൽകപ്പെടുന്നുള്ളുവത്രെ.

ഇവിടത്തെ രോഗികളെ നിരാശരാക്കുന്നതാണ് കാണപ്പെടുന്നത്. ജീവിതത്തിൽ എല്ലാ ആശകളും നശിച്ച് അവശരായവരാണ് ഇവിടത്തെ രോഗികളിൽ ഭൂരിപക്ഷവും. അവർക്ക് ഈ രോഗത്തിൽനിന്നും മുക്തിനേടുവാൻ ഒരു പരിധിവരെ ആത്മവിശ്വാസം ആവശ്യമാണ്. അതിനുള്ള ഒരു പ്രോത്സാഹനവും ഇവിടെ നിന്നും ലഭിക്കുന്നില്ലെന്നാണ് അറിയുന്നത്. ഇവിടത്തെ ഭക്ഷണത്തിന്റെ കാര്യത്തിൽ ഒരു ഡയറ്റീഷ്യനെ നിയമിക്കുകയും ഓരോ രോഗിയുടെയും ആവശ്യമനുസരിച്ച് ഭക്ഷണം നൽകുകയും ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുവാൻ ഈ അവസരത്തിൽ ഞങ്ങൾ അധികാരികളോട് അഭ്യർത്ഥിക്കുന്നു.

എൻ. എഫ്. ഐ. ആർ കൺവെൻഷൻ ബോംബെയിൽ

[പി ടി ഐ] മധുര, മെ 17

നാഷനൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ റെയിൽവേമെൻ [എൻ. എഫ്. ഐ. ആർ] എന്ന സംഘടനയുടെ ഒമ്പതാം കൺവെൻഷൻ മെയ് 19മുതൽ നാലുദിവസങ്ങളിലായി ബോംബെയിൽ നടക്കുന്നതാണ്.

മെയ് 21–ന് കേന്ദ്രറെയിൽവേമന്ത്രി എസ്. കെ. പട്ടീൽ കൺവെൻഷൻ ഉൽഘാടനം ചെയ്യും.

വാഹനത്തിൽ ഒരു വിദ്യാലയം

മൂന്നിച്ച്(ടാട്)—യുറോപ്പിലെ ചില പ്രധാനപ്പെട്ട റോഡുകളിലൂടി ഒരു സഞ്ചരിക്കുന്ന സ്കൂൾ സർവ്വീസ് കമ്പനി വക നല്ല നിലപ്പുകിട്ടുള്ള ചില വാഹനങ്ങൾ കടന്നുപോകുന്നതു കണ്ടു നിൽക്കുന്നവരിൽ ആരുംതന്നെ അവയിൽ 100–മാതൃ നമ്പർ വാഹനത്തെ സംബന്ധിച്ച് പ്രത്യേകമായി ഒന്നും നോട്ടപ്പെടുത്തുകയില്ല. പക്ഷെ പച്ച രാജ്യങ്ങളിൽനിന്നും ഈ കൊല്ലം "സക്സസ് ക്രോണ്" കമ്പനിയിൽ ചേർന്നിട്ടുള്ള സഞ്ചരിക്കുന്ന സ്കൂൾ വാഹനത്തിൽ കൂടുതൽ താല്പര്യം കാട്ടുന്നുണ്ട്. അവയ്ക്ക് 100–ാംനമ്പർ വാഹനം ഒരു പ്രത്യേക ആകർഷണമാണ്. ആ വാഹനത്തിലാണ് ആധുനികസമ്പ്രദായം പഠനക്രമമുള്ള ഒരു വിദ്യാലയം സജ്ജീകരിട്ടുള്ളത്. അതിലെ വിദ്യാർത്ഥികളുമായി യൂറോപ്പിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിക്കുന്നു. ഒരു കാര്യത്തിൽ സഞ്ചരിക്കുന്ന സ്കൂൾ വാഹനങ്ങൾക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അക്കാലം പോയിരിക്കുന്നു. ഓർച്ചയായും സക്സസ് ക്രോണിലെ കുട്ടികൾക്ക്.

ഈ സക്സസ് കമ്പനിയുടെ ഉടമസ്ഥ ഹീഫ്മാൻ എന്നൊരു വനിതയാണ്. അവർ അവരുടെ "പകുങ്ങിൻമേലുള്ള വിദ്യാലയത്തിൽ" അഭിമാനം കൊള്ളുന്നുണ്ട്. 15 ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ള ലോകത്തിലെ ഏറ്റവും ചെറിയ ഈ വിദ്യാലയം, അതിനെതിരെയുള്ള നിയന്ത്രണങ്ങളെ അതിജീവിച്ച് കഴിഞ്ഞ രണ്ടുകൊല്ലമായി നടന്നുവരുന്നു. ഈ കൊല്ലം ആ വിദ്യാലയത്തിൽ 15 വിദ്യാർത്ഥികളുണ്ട്. അവരുടെ പ്രായം മൻപ് ലഭിച്ചിട്ടുള്ള വിദ്യാഭ്യാസം ഇവയെല്ലാം പരിഗണിച്ച് അവരെ മൂന്നു ക്ലാസ്സുകളിലായിട്ടാണ് പഠിപ്പിക്കുന്നത്. ഒരു ക്ലാസ്സുതന്നെ രണ്ടോ മൂന്നോ ഭാഷയിലായിരിക്കും നടക്കുന്നതും. എല്ലാ ക്ലാസ്സുകളിലും എല്ലാ ഭാഷകളിലും പഠിപ്പിക്കുന്നത് ഒരേ അദ്ധ്യാപികതന്നെയാണ്. അവർ ഒരു ജർമൻകാരിയും ഒരു സക്സസ് കുട്ടിയുടെ അംഗവുമായാൽ സക്സസ് കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് നേരിട്ടുന്ന വിഷമതകൾ നല്ലപോലെ അറിയാം. അതുപോലെ വിദ്യാഭ്യാസ വിഷയത്തിൽ ഈ കുട്ടികൾക്ക് മറ്റേ സാധാരണ കുട്ടികൾക്കൊപ്പം നിൽക്കാൻ സാധിക്കയില്ലെന്നും ഹ്രാങ്ക് കാതറയിൻ എന്ന അദ്ധ്യാപികയ്ക്ക് നല്ലതുപോലെ അറിയാവുന്ന ഒരു പരമാർത്ഥവുമാണ്.

—

വാർഷികയോഗം

അവിട്ടത്തൂർ, മെ. 17

അവിട്ടത്തൂർ പള്ളിയിടവകയിലെ ഭക്തസംഘടനകളുടെ വാർഷികപൊതുയോഗം വിവിധ കലാപരിപാടികളോടുകൂടി റവ. ഫാദർ ജോൺ ചിറയിലച്ചിള്ളിയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. യോഗാനന്തരം റവ. ഫാ. സെബാസ്റ്റ്യൻ തേർമഠം എഴുതിയ 'എതു പവൻ' എന്ന സംഗീതനാടകവും ഉണ്ടായിരുന്നു.

.....

കാത്തലിക് സിറിയൻ ബാങ്ക് സ്ഥലമാറ്റം

കോഴിക്കോട് മെ. 17

സ്ഥലം രണ്ടാം ഗേറ്റിനു സമീപം സ്ഥിതിചെയ്യുന്ന കാത്തലിക് സിറിയൻ ബാങ്ക് കോഴിക്കോട് ബ്രാഞ്ചാഫീസ് കക്ഷികളുടെ കൂട്ടത്തിൽ സൌകര്യാർത്ഥം ഇന്ന് മുതൽ വലിയങ്ങാടിയിലുള്ള ഹാജി കെ. പി. ഉസ്മാൻസ് കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിരിക്കുന്നു.

സ്ഥലത്തെ കട്ടനവധി വ്യവസായപ്രമുഖരും, പൗരമുഖ്യരും പുതിയ ആഫീസ് സൗകര്യങ്ങളെക്കുറിച്ചു ശ്രീ. ടി. ടി. ഔസേപ്പാണ് ബ്രാഞ്ചുമാനേജർ.

(സ്വ ലേ)

....

കല്യാണപ്പാർട്ടി കയറിയ ലോറി മറിഞ്ഞ് 2 പേർ കൊല്ലപ്പെട്ട

[പി ടി ഐ] കർണ്ണൂൽ, മെ 17

ഒരു കല്യാണപ്പാർട്ടി കയറിപ്പോയിരുന്ന ഒരു ലോറി ബൊഗാത്താ റെയിൽ വേസ്റ്റേഷനുസമീപംവച്ച് മറിഞ്ഞതിനെതുടർന്ന് 2 പേർ കൊല്ലപ്പെടുകയും 42 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരിക്കുന്നു.

....

'ശില്പി' കലാകേന്ദ്രത്തിന്റെ ഉൽഘാടനം

[സ്വ ലേ] മട്ടാഞ്ചേരി, 17

കൊച്ചുങ്ങാടിയിലെ യുവാക്കളുടെ പരിശ്രമഫലമായി രൂപംകൊള്ളുന്ന 'ശില്പി' കലാകേന്ദ്രത്തിന്റെ ഉൽഘാടനകർമ്മത്തോട് അനുബന്ധിച്ച് 22-5-65 ശനിയാഴ്ച വൈകുന്നേരം ചിത്രപ്രദർശനത്തിനായി ചേരുന്ന സാംസ്കാരികസമ്മേളനം ശ്രീ. കെ. മുഹമ്മദാലി ബി. എ. ബി. റ്റി. ഉൽഘാടനംചെയ്യുന്നതും പി. എ. സൈനുദ്ദീൻ അദ്ധ്യക്ഷം വഹിക്കുന്നതും, കെ. എച്ച്. സുലൈമാൻ, സുഭാഷ്ചന്ദ്രൻ, കെ. പി. പോൾ, ടി. പി. പീതാംബരൻ ബി. എ. ബി. റ്റി. മുതലായവർ പ്രസംഗിക്കുന്നതുമാണ്. യോഗാനന്തരം ശില്പികലാകേന്ദ്രം പാവൂർ ജ്ഞാർജ്ജ് എഴുതിയ 'ദിവ്യബലി' എന്ന ഏകാങ്കസംഗീതനാടകം നടത്തുന്നതാണ്. ഈ നാടകത്തിൽ ഗാനം എഴുതിയതു ജമാൽ കൊച്ചങ്ങാടിയാണ്.

—

മിഗ് വിമാനനിർമ്മാണശാലയ്ക്ക് സാങ്കേതികജോലികൾ ഏറ്റെടുക്കാൻ ഹിന്ദുസ്ഥാൻ റോനോട്ടിക്സ് 2800 പേരെ പരിശീലിപ്പിച്ചു

ന്യൂഡൽഹി, മെ 17

കോരപ്പുട്ടിയിലെ മിഗ് ഏറോ–എഞ്ചിൻ ഫാക്ടറിയിൽ സാങ്കേതികജോലികൾ ഏറ്റെടുക്കാൻ 93 പേരടങ്ങിയ ആദ്യസംഘം പരിശീലനമാരംഭിച്ചിരിക്കുന്നു. നാസിക്കിലെ മിഗ് എയർഫ്രെയിം ഫാക്ടറിക്കുവേണ്ടി 184 പേരെ പരിശീലിപ്പിച്ചുകഴിഞ്ഞു; 159പേർ പരിശീലനം നേടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഹിന്ദുസ്ഥാൻ ഏറോനോട്ടിക്സ് ലിമിറ്റഡിന്റെ ബാംഗ്ലൂർ ഡിവിഷൻ [മുമ്പത്തെ ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റ് ലിമിറ്റഡ്] ആണ് പരിശീലനം നല്കുന്നത്. വിവിധ പരിശീലനപദ്ധതികളനുസരിച്ച് ഡിവിഷൻ 1959–നുശേഷം ഇതുവരെ 2800–ലധികംപേരെ പരിശീലിപ്പിച്ചിട്ടുണ്ട്. വോമസനയുടെ സ്ഥാപനങ്ങൾക്കുമാത്രമല്ല, ചില കാർഡ്നൻസ് ഫാക്ടറികൾക്കവേണ്ടിയും അതു സാങ്കേതികജ്ഞരെ പരിശീലിപ്പിക്കുന്നു.

....

മളങ്കമ്പ് എട്ടത്തവനെ മോഷണക്കുറ്റം ചുമത്തി പിരിച്ചുവിട്ടു

തൊഴിലാളിയെ തിരിച്ചെടുക്കാൻ ലേബർ കോടതി മുതലാളിയോട് കല്പിച്ചു

ഒല്ലൂരിലെ ഒരു തൊഴിൽത്തർക്കം സംബന്ധിച്ച വിധി

കൊല്ലം, മെ. 17

കൊല്ലം ലേബർകോടതി ജഡ്ജ് ജി. എം. എ. വി. ഡയസ്സ് അടുത്ത കാലത്തു തീരുമാനിച്ച ഒരു തൊഴിൽത്തർക്കക്കേസ്സിലെ വിധിന്യായത്തിൽ സാധാരണയായി മാനേജ്മെൻറ് തൊഴിലാളികളുടെ നേരേ എടുത്തുവരാറുള്ള പകവീട്ടൽ നടപടികളെ പരാമർശിച്ച് ചില വിവരങ്ങൾ വിശദമാക്കപ്പെട്ടിരിക്കുന്നു. ഒരു തൊഴിലാളി നിർദ്ദോഷിയായിരിക്കവേ മറ്റു കാരണങ്ങളാൽ അയാളെ ശിക്ഷിച്ചതു വിധേയനാക്കി പകവീട്ടാറുണ്ട്. കൂടാതെ നിസ്സാരകാരണങ്ങളെ പർപ്പുതീരിച്ച് കുറ്റകൃത്യമായി പൊരുത്തപ്പെടാത്തവൻ ശിക്ഷകനും നല്കാറുണ്ട്. ഈ രണ്ടു രീതികളും അപലപനീയമാണെന്നു വിധിന്യായത്തിൽ വിവരിച്ചുകാണുന്നു.

ഒല്ലൂരിലെ ഒരു ടൈൽഫാക്ടറി മാനേജ്മെൻറും തൊഴിലാളികളും തമ്മിലുള്ള തൊഴിൽത്തർക്കക്കേസ്സിലാണ് ജഡ്ജ് ജി ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളത്. ഫാക്ടറിയിലെ ഒരു തൊഴിലാളിയായ കെ. ആർ. ശങ്കരൻറെ പേരിൽ മാനേജ്മെൻറ് മേഷണക്കുറ്റമാരോപിച്ച് അയാളെ ജോലിയിൽനിന്നും നിർത്തിക്കൊണ്ടായിരുന്നു കോടതി വിചാരണ നടത്തിയത്. ആ തൊഴിലാളി ഒരു മുൻക്ഷണം ഫാക്ടറിയിൽനിന്നു മോഷ്ടിക്കുകയും അനുവാദംകൂടാതെ ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്തുവെന്നുള്ള ആരോപണങ്ങളെ ഉന്നയിച്ചുകൊണ്ടാണ് മാനേജ്മെൻറ് അയാളെ ജോലിയിൽനിന്നും നീക്കം ചെയ്തത്.

തൊഴിലാളി പ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊള്ളുകയും അവകാശസ്ഥാപനത്തിനായി വിട്ടുവീഴ്ചയില്ലാതെ സമരങ്ങൾ സംഘടിപ്പിക്കുകയും മറ്റും ചെയ്തുപോന്ന ശങ്കരൻറെ പേരിൽ ഒരു പകവീട്ടൽ നടപടിയായിട്ടാണ് ഈ ശിക്ഷ നൽകിയതെന്നായിരുന്നു ശങ്കരൻ വാദിച്ചതു്.

ഒരു മുൻക്ഷണം മോഷ്ടിച്ചുവെന്നും അനുവാദമില്ലാതെ ജോലിക്ക ഹാജരാകാതിരുന്നുവെന്നുമുള്ള ആരോപണങ്ങളും, കേസ്സിലെ തെളിവിൻറെ പോക്കുമാലോചിച്ചാൽ മാനേജ്മെൻറ് നൽകിയിട്ടുള്ള ശിക്ഷ ഒരു പകവീട്ടൽനടപടിയായി കരുതുന്നതിനു കാരണമുണ്ടെന്നഭിപ്രായപ്പെട്ടുകൊണ്ട് മാനേജ്മെൻറ് നൽകിയ ശിക്ഷ അസ്ഥിരപ്പെടുത്തിക്കൊണ്ടാണ് വിധിയുണ്ടായിട്ടുള്ളതു്.

—

വൈവാഹികം

മീനാക്ഷി–ഇമ്മാനുവൽ

(സ്വ ലേ) ഇരിങ്ങാലക്കുട, മെ 16

അഡ്വാക്കേറ്റ തമ്പാൻറെ പുത്രി പി. മീനാക്ഷിയും കെ. രാമനാരായണൻ തമ്മിലുള്ള വിവാഹം ആഘോഷപൂർവ്വം നടന്നിരിക്കുന്നു. ഇതു പ്രമാണിച്ചു തമ്പാൻറെ വകയായി ഉണ്ണായിവാരിയർ സ്മാരകകലാനിലയത്തിൽവച്ച് ഒരു തേയിലസല്ക്കാരവും നടത്തപ്പെട്ടു.

ഡേവീസ്–ജസീന്ത

തൃശ്ശൂർ, മേ. 17

സ്ഥലത്തെ ഒരു വ്യാപാരിയായ ശ്രീ ചോറപ്പുഴക്കാരൻ അന്തപ്പൻ ദേവസ്സിയുടെ പുത്രനും ഒരു പ്രമുഖ സാമൂഹ്യപ്രവർത്തകനുമായ ശ്രീ ഡേവീഡ് ചോറപ്പുഴക്കാരനും ശ്രീ മൈലൻ കൊച്ചുപ്പുമകനും കുമാരി ജസീന്തയും തമ്മിലുള്ള വിവാഹം ഇന്നു് ഒല്ലൂർ പള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

പോൾ–മേഴി

തൃശ്ശൂർ, മേ. 17

ശ്രീ വൈദ്യക്കാരൻ ജോസഫിൻറെ പുത്രനും ബോമ്പെയിൽ റിസർവ്വ്ബാങ്കിലെ ഒരുയർന്ന ഉദ്യോഗസ്ഥനുമായ ശ്രീ വി. ജെ. പോളും ശ്രീ കാരോക്കാരൻ ലോനപ്പൻറെ പുത്രി കുമാരി മേഴിയും തമ്മിലുള്ള വിവാഹം ഇന്നു് സ്ഥലം വ്യാകുലമാതാവിൻ പുത്തൻപള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.

—

ആഫ്രോ–ഏഷ്യൻ ഐക്യസമ്മേളനം സമാപിച്ചു

മനുഷ്യരാശി അണുവായുധങ്ങളെ നശിപ്പിക്കും; അണുവായുധങ്ങൾ മനുഷ്യരാശിയെയല്ലെന്ന് – ചീനയുടെ വാദം

(പി ടി ഐ) അൾജീ, മെയ് 17

സാമ്രാജ്യത്വകൊളോണിയലിസത്തിനും നിയോകൊളോണിയലിസത്തിനുമെതിരായി നിരന്തരമായ പോരാട്ടം തുടരുമെന്നുള്ള ദൃഢപ്രതിജ്ഞയോടുകൂടി ഇവിടെ കൂടിക്കൊണ്ടിരുന്ന നാലാം ആഫ്രോ–ഏഷ്യൻ സമ്മേളനം സമാപിച്ചിരിക്കുന്നു.

പീയറ്റ്നാം, കോങ്കോ, ഡൊമിനിക്കൻ റിപ്പബ്ലിക്ക് എന്നിവ സംബന്ധിച്ചു എല്ലാ പ്രമേയങ്ങളിലും "അണുയുദ്ധമുണ്ടായി പരിണമിക്കുക," മനുഷ്യരാശി "യുടെ തുടച്ചുനീക്കൽ" എന്നീ പ്രയോഗങ്ങളോട് ചൈന കടുത്ത എതിർപ്പു പ്രകടിപ്പിച്ചുവെങ്കിലും നിഷ്പ്രയോജനമായി.

അത്തരം പ്രയോഗങ്ങളും സാമ്രാജ്യത്വത്തിനെതിരായ സമരത്തിന്റെ പ്രാധാന്യം കുറയ്ക്കുമെന്നും അണുവായുധങ്ങളെ നശിപ്പിക്കുമെന്നും അണുവായുധങ്ങളും മനുഷ്യരാശിയെയല്ല നശിപ്പിക്കുന്നതെന്നും ചീനക്കാർ വാദിച്ചു.

സമ്മേളനത്തിലുടനീളം ചീന പ്രധാനമായും അതിന്റെ അക്രമണം അഴിച്ചുവിട്ടതു് റഷ്യയുടെ നേർക്കായിരുന്നു.

ജനാധിപത്യ വിജയം

ബുദ്ധിപരമായ ബഹുജനാഭിപ്രായത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന് ഗവണ്ണർ ജയിൻ

[പി. ടി. ഐ.] ആലുവാ മേ. 16

ബുദ്ധിപരമായ പൊതുജനാഭിപ്രായത്തെ ആശ്രയിച്ചാണ് ഏതു ജനാധിപത്യത്തിന്റേയും വിജയമെന്ന് കേരളഗവണ്ണർ മി. എ. പി. ജയിൻ പ്രസ്താവിച്ചിരിക്കുന്നു.

ആലം കേരള ഗ്രന്ഥാലയസംഘത്തിന്റെ രജതജൂബിലിസമ്മേളനം ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ പൊതുജനാഭിപ്രായം കരുപ്പിടിപ്പിക്കുന്നതിനും വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനും ഗ്രന്ഥാലയങ്ങൾക്കുള്ള പങ്കിനെ അദ്ദേഹം ഊന്നിപ്പറഞ്ഞു.

കേരള ഗ്രന്ഥാലയസംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെട്ടതാണ്. ഗ്രന്ഥാലയപ്രസ്ഥാനത്തിന്റെ വികസനത്തിനായി മറ്റു സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കാണുന്നില്ല.

സ്വാഗതസംഘം ചെയർമാൻ മി. കെ. എ. ദാമോദരമേനോൻ സ്വാഗതം പറഞ്ഞു. പണത്തിന്റെ കുറവുമൂലം കേരള ഗ്രന്ഥാലയപ്രവർത്തനം അവസാനിപ്പിക്കുവാൻ നിർബ്ബന്ധിതമായേക്കുമെന്ന് മി. മേനോൻ പ്രസ്താവിച്ചു. ഇക്കാര്യത്തിൽ ഗവണ്മെണ്ട് സഹായിക്കുമെന്ന് മി. മേനോൻ പ്രത്യാശപ്രകടിപ്പിച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 3200 ലൈബ്രറികളും ഈ സംഘം കരുപ്പിടിപ്പിച്ചിട്ടുണ്ട്.

.....

ബുധനാഴ്ച അപകടങ്ങളുടെദിനം

മദ്രാസ്, മെ 16

മദ്രാസ് പട്ടണത്തിലെ ഡ്രൈവർമാർക്ക് 1964–ലെ ബുധനാഴ്ചദിവസങ്ങളും അപകടങ്ങളായിരുന്നുവെന്ന് മദ്രാസ് ട്രാഫിക് ഡിപ്പാർട്ട്മെൻറ് നടത്തിയ സർവ്വേ തെളിയിക്കുന്നു. കാരണം, ബുധനാഴ്ചദിവസങ്ങളായിരുന്ന ഏറ്റവും കൂടുതൽ മാരകമായ മോട്ടോറപകടങ്ങളുണ്ടായതു്.

ഡ്രൈവർമാർ ഒഴിവുദിവസങ്ങളിൽപ്രത്യേകിച്ച്, ഞായറാഴ്ചകളിൽ വളരെയധികം ശ്രദ്ധാലുക്കളായിത്തീരുന്നതിന്റെ ഫലമായി ആ ദിവസങ്ങളിൽ അപകടങ്ങൾ കുറവായിരുന്നു.

ട്രാഫിക് ഡിപ്പാർട്ടുമെൻറിന്റെ കണക്കനുസരിച്ച് 1964–ൽ 3308 ആളുകൾ അപകടങ്ങളിൽപെടുകയും അവരിൽ 88 പേർ മരണമടയുകയും ചെയ്തുകളഞ്ഞു. ഈ88 മാരകാപകടങ്ങളിൽ 24 എണ്ണവും സംഭവിച്ചതു് ബുധനാഴ്ചദിവസങ്ങളിലായിരുന്നു. [കെ പ്ര]

.....

ഇന്തോ–ഫിന്നിഷ് വ്യാപാരം

പ്രതിനിധി സംഘം മന്ത്രി ഭായ്ഷായുമായി ചർച്ചനടത്തി

ന്യൂഡൽഹി, മെ. 16

ഫിൻലാണ്ടിൽനിന്നുള്ള ഏഴംഗ വ്യാപാര പ്രതിനിധി സംഘം വാണിജ്യവകുപ്പു മന്ത്രി ശ്രീ. മനുഭായ് ഷായെകണ്ടു് സംഭാഷണങ്ങളും നടത്തിയിരിക്കുന്നു.

ഇന്ത്യയും ഫിൻലാണ്ടും തമ്മിലുള്ള വ്യാപാരത്തിലെ ഇന്നത്തെ സമതുലനാവസ്ഥ ശരിയാക്കാനും ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം വികസിപ്പിക്കാനും ഇന്ത്യയിൽനിന്നു ഫിൻലാണ്ടിലേയ്ക്കുള്ള ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനു് ഫിന്നീഷ് ഗവണ്മെണ്ടും ബി സി നസ്സുകാരും ശ്രദ്ധിക്കണമെന്നു ശ്രീ ഷാ പ്രതിനിധി സംഘത്തോടു് നിർദ്ദേശിച്ചു. അതിനു് ഫിൻലാണ്ടിലെ സാഹചരണ സംഘങ്ങളെ ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളും അദ്ദേഹം പരാമർശിച്ചു. അന്യോന്യം കൈമാറാറം ചെയ്യേണ്ട വസ്തുതകളുടെ സാമാന്യമായ നിലവാരത്തിലുള്ള വർദ്ധനവും ആദായകരമായ വിലക്കു കയറ്റുമതി ചെയ്യുന്നതിനു് ഇന്ത്യ പൂർവ്വാധികം ചെയ്യുന്നുണ്ടെന്നു് മന്ത്രി പ്രതിനിധി സംഘത്തിനു് ഉറപ്പുനൽകി. ഇരു രാജ്യങ്ങളും ദേശീയ വ്യാപാര പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രതിനിധിസംഘത്തിന്റെ തലവനായ ഫിന്നിഷ് വിദേശകാര്യവകുപ്പു തല മി. താങ്മാർ ഹോൺ മന്ത്രിക്കു നന്ദി രേഖപ്പെടുത്തി. ഇന്ത്യയിൽനിന്നുള്ള കയറ്റുമതി വർദ്ധിപ്പിക്കുന്നതിനു സാദ്ധ്യതകളും ആരായുക എന്ന വ്യക്തമായ ലക്ഷ്യത്തോടെയാണു് തങ്ങളും വന്നിട്ടുള്ളതെന്നും ഇതുസംബന്ധിച്ചു ഇന്ത്യൻ ഉദ്യോഗസ്ഥന്മാരുമായി സംഭാഷണങ്ങളും നടത്തുന്നതു് തങ്ങളും ഉറപ്പുവരുത്തുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഫെൽസിങ്കിയിലെ വ്യാപാരമേളയിൽ ഇന്ത്യ പങ്കെടുത്തതിൽ അദ്ദേഹം അഭിനന്ദനം രേഖപ്പെടുത്തി.

നേരത്തെ ഫിന്നിഷ് പ്രതിനിധിസംഘം സ്റ്റോറഃ ടേഡിംഗ് കോർപ്പറേഷന്റെ ചെയർമാൻ ശ്രീ ബി. പി. പട്ടേലിന്റെ നേതൃത്വത്തിലുള്ള ഒരു ഇന്ത്യൻ പ്രതിനിധിസംഘവുമായി സംഭാഷണങ്ങളും ആരംഭിച്ചു.

....

സ്വതന്ത്രാസ്സോർട്ട്സ് ക്ലബ്ബ്

[സ്വ ലേ] മട്ടാഞ്ചേരി, മെയ് 14

സ്വതന്ത്രാസ്സോർട്ട്സ് ക്ലബ്ബിന്റെ രണ്ടാം വാർഷിക പൊതുയോഗം സ്റ്റാർ ലോഡ്ജ്ജിൽവെച്ച് പി. എ. സൈനുദ്ദീന്റെ അദ്ധ്യക്ഷതയിൽ കൂടി. അടുത്ത കൊല്ലത്തെ ഭാരവാഹികളായി പി. എ. സൈനുദ്ദീൻ [പ്രസിഡൻറ്] എസ്സ്. എൽ. പുരം പരമേശ്വരൻ (വൈ: പ്രസിഡൻറ്) എം. എം. ചവരോ (സെക്രട്ടറി) ശശികുമാർ [ജോ: സെക്രട്ടറി] സി ടി. റപ്പായി [ഖജാൻജി] പി. പി. സണ്ണി [ട്രീക്യാപ്റ്റൻ] കെ. എ. രാജപ്പൻ [വൈ: ക്യാപ്റ്റൻ] എന്നവർ ഉൾകൊള്ളുന്ന പതിമൂന്നു പേർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചു. ഇന്ത്യയുടെ അത്തിയിൽ പാക്കിസ്ഥാൻ നടത്തിയ ആക്രമണത്തെ ശക്തിയായി പ്രതിഷേധിക്കുകയും, ഇന്ത്യാഗവണ്മെണ്ട് എടുക്കുന്ന ഏതൊരു നടപടിക്കും പിന്തുണ വാഗ്ദാനംചെയ്യുകയും ചെയ്യുന്ന ഒരു പ്രമേയം യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

....

പഞ്ചാ: നിയമത്തിന്റെ പോക്കിൽ കാമരാജിനു ഖേദം

(പി ടി ഐ) മധുര, മെ 17

പഞ്ചായത്തു് ആക്ട് പഞ്ചാ: യൂണിയൻ ചെയർമാന്മാർക്ക് കീശവീർപ്പിക്കാനുള്ള ഒരുപാധിയായി പരിണമിച്ചിട്ടുണ്ടെങ്കിൽ അതുടനെ ഭേദഗതി ചെയ്യേണ്ടതാണെന്നു് കോൺഃ പ്രസിഡണ്ടു് കെ. കാമരാജ് ഇവിടെവച്ചു് പ്രസ്താവിച്ചിരിക്കുന്നു.

ഇവ്യാട്ടിടെ നടന്ന പഞ്ചാ. യൂണിയൻ ചെയർമാന്മാരുടെ തെരഞ്ഞെടുപ്പിൽ വമ്പിച്ച തോതിൽ അഴിമതി നടന്നുവെന്നു് അറിയുന്നതിൽ തനിക്കതിയായ ഖേദമുണ്ടെന്നു് കാമരാജ് പറഞ്ഞു. അധികാരവികേന്ദ്രീകരണം വഴി ജനങ്ങൾക്കു കൂടുതൽ പ്രയോജനമുണ്ടാകുമെന്നുള്ള കരുതിയാണു് ഈ നിയമനിർമ്മാണം നടത്തിയതു്. അതു് ഉദ്ദേശപ്രാപ്തിയിലെത്തിയാൽ ആവശ്യമായ ഭേദഗതികൾ വരുത്തണം.

....

'ഗുജറാത്തു് കന്നിൻപുറങ്ങളിലെ ക്ഷേത്രങ്ങൾ' ഫിലിംസ് ഡിവിഷന്റെ പുതിയ ഡോക്യുമെൻററി

ന്യൂഡൽഹി, മെ 17

ഫിലിംസ് ഡിവിഷൻ നിർമ്മിച്ച, 'ഗുജറാത്തിലെ കന്നിൻപുറങ്ങളിലെ ക്ഷേത്ര